പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 372 — 15.07. 2015 ൽ മറുപടിക്ക്.

## കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, പി.ബി. അബ്ദുൾ റസാക്<br>,, എം.ഉമ്മർ | | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കുടിയേറ്റ തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ സംബന്ധിച്ച് വിശദമാക്കുമോ;<br>(ബി) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന കുടിയേറ്റ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) യും (ബി) യും | ഉണ്ട്. 2010 മാർച്ചിലാണ് കേരള കുടിയേറ്റ തൊഴിലാളി പദ്ധതി രൂപീകരിച്ചത്. ആയതിന്റെ നടത്തിപ്പിലേയ്ക്കായി സർക്കാർ 10 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2013-ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വന്നു പോകുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ തൊഴിലാളികളെല്ലാം പ്രസ്തുത പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ല. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010-ൽ നിലവിൽ വന്നതിനെ തുടർന്ന് പദ്ധതി പ്രകാരം രജിസ്ട്രേഷനും അംഗങ്ങൾക്ക് വിവിധ ആനുകൂല്യം നൽകുന്നതിനെ സംബന്ധിച്ചും അന്യസംസ്ഥാന തൊഴിലാളികൾക്കാവശ്യമായ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ടെങ്കിലും പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വളരെ കുറവായാണ് കാണുന്നത്. 2015 മെയ് 31 വരെ 49674 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) കുടിയേറ്റ തൊഴിലാളികൾ ബഹുഭൂരിപക്ഷവും പദ്ധതിയിൽ അംഗത്വമെടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. ടി പദ്ധതി സ്വയമേവ പദ്ധതിയാണ്. അതിനാൽ അംഗത്വം നിർബന്ധമാക്കിയിട്ടില്ല. ടി തൊഴിലാളികൾ ഒരു സ്ഥലത്ത് നിന്ന് അടിക്കടി തൊഴിലിടം മാറുന്നതും തൊഴിലുടമ/ കോൺട്രാക്ടർ പദ്ധതിയിൽ അംഗങ്ങളെ ചേർക്കാനുള്ള നിസ്സഹകരണം കാണിക്കുന്നതും തൊഴിലാളികളുടെ താൽപ്പര്യക്കുറവും ഇതിന് കാരണമായി കണക്കാക്കാവുന്നതാണ്. |
| (ഡി) ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കി, പ്രചാരണം നൽകി, എല്ലാ തൊഴിലാളികളെയും പദ്ധതിയിൻ കീഴിൽ കൊണ്ടുവന്ന് അവരെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ